**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 62.** **28.09.2016 ന് മറുപടിയ്ക്ക്**

**ലഹരി വസ്തുക്കളുടെ ഉപയോഗം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ**<br>**,, മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി ഗീതാ ഗോപി**<br>**,, സി.കെ. ആശ :** | | **ശ്രീ. ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ലഹരി വസ്തുക്കളുടെ പ്രത്യേകിച്ചും മയക്കമരുന്നുകളുടെ ഉപയോഗം സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് നിലവിലുള്ള മദ്യനയം നടപ്പിലാക്കി തുടങ്ങിയ ശേഷം ലഹരി വസ്തുക്കളുടെയും പ്രത്യേകിച്ച് മയക്കമരുന്നുകളുടെയും വിപണനവും ഉപഭോഗവും വർദ്ധിച്ചിട്ടുണ്ട്. പുതിയ സർക്കാർ അധികാരമേറ്റശേഷം എക്സൈസ് വകുപ്പ് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയതിന്റെ ഫലമായി രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണത്തിൽ വൻവർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br>നിയമവിധേയ മദ്യത്തിന്റെ ലഭ്യത കുറഞ്ഞ സാഹചര്യത്തിൽ നിയമവിരുദ്ധ ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗം വർദ്ധിയ്ക്കുവാനിടയായിട്ടുണ്ട്. കൈവശം വച്ച് ഉപയോഗിക്കുവാൻ കഴിയുന്ന അനുകൂല സാഹചര്യം ലഹരി പദാർത്ഥങ്ങളുടെയും മയക്ക് മരുന്നുകളുടെയും വിപണനവും ഉപഭോഗവും വർദ്ധിച്ച് വരുന്നതിന് കാരണമായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് റേവ് പാർട്ടികൾ, കൊക്കൈൻ പാർട്ടികൾ എന്നിവ സംഘടിപ്പിച്ച് ജനങ്ങളെ ലഹരിക്ക് അടിമയാക്കിക്കൊണ്ടിരിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് റേവ് പാർട്ടികൾ, കൊക്കൈൻ പാർട്ടികൾ തുടങ്ങിയവ നടത്തുന്നതിനെതിരെ എക്സൈസ് വകുപ്പ് നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. ഇത് സംബന്ധിച്ച് വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഇത്തരം പാർട്ടികൾ സംഘടിപ്പിക്കുന്നവർക്കെതിരെ എക്സൈസ് വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**